ശ്രീ. കെ.ഇ. ഇസ്മയിൽ : ആ കാര്യത്തിൽ യാതൊരു അലംഭാവവും ഉണ്ടാകില്ല. പ്രധാനമായും നെൽക്കൃഷി, അതു കഴിഞ്ഞാൽ പച്ചക്കറി, തെങ്ങ് അങ്ങനെ എല്ലാ മേഖലയിലെ കൃഷിക്കാരേയും ഇതിൽ ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഒരു പുതിയ സ്കീമിൽ 10 ലക്ഷം കൃഷിക്കാരെ ചേർക്കാൻ തീരുമാനിച്ചു. പദ്ധതി തുടങ്ങി കൂടുതൽ കൃഷിക്കാരെ ചേർക്കേണ്ട ആവശ്യം വരികയാണെങ്കിൽ തീർച്ചയായിട്ടും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് ആ നടപടികളും ഗവൺമെന്റ് ചെയ്യും.

**3 (*337) ചെലവു ചുരുക്കൽ പദ്ധതി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവു ചുരുക്കലിന്റെ ഭാഗമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ചെലവു ചുരുക്കൽ പദ്ധതി നടപ്പാക്കിയതിന്റെ ഫലമായി 1998-99-ൽ എന്ത് തുകയുടെ അധിക ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിൽ ഇനി എന്തെല്ലാം ചെലവു ചുരുക്കൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) ചെലവു ചുരുക്കലിനെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡും റിസോഴ്സ് കമ്മിഷനും എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്;

(ഇ) ചെലവു ചുരുക്കലിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുമോ;

(എഫ്) ഇപ്പോഴത്തെ ടെലിഫോൺ ചെലവ് ഇരുപത്തിയഞ്ച് ശതമാനം കുറവ് ചെയ്യാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ജി) ഉയർന്ന തസ്തികകൾ അനുവദിക്കുന്നതിന് വിലക്ക് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ഓഫീസ് ചെലവുകൾ, യാത്രാ ചെലവുകൾ, ഇന്ധന ചെലവുകൾ എന്നിവയിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.ടി.ഡി./ഐ.എസ്.ഡി. സൗകര്യത്തോടെയുള്ള ടെലിഫോൺ, മൊബൈൽ ഫോൺ എന്നിവ അനുവദിക്കുന്നതിലും സംസ്ഥാനത്തിന് പുറത്ത് കോൺഫറൻസ്/പരിശീലനം/സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ, എന്നിവ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെയും ചീഫ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിലുള്ള രണ്ട് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ചെലവു ചുരുക്കൽ നടപടികൾ എല്ലാംതന്നെ സർക്കാർ കമ്പനികൾ/കോർപ്പ

LIBRARY ARCHIVES Kerala Legislative Assembly

റേഷനുകൾ സ്വയംഭരണ സ്ഥാപനങ്ങൾ/സർവ്വകലാശാലകൾ എന്നിവയ്ക്കും പൊതുമേഖലാസ്ഥാപനങ്ങളും അർദ്ധസർക്കാർ സ്ഥാപനങ്ങളുമടക്കം സംസ്ഥാന ഖജനാവിൽ നിന്നും സാമ്പത്തിക സഹായം പറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(ബി) ചെലവ് ചുരുക്കൽ പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 1998-99-ൽ പദ്ധതിയേതര ചെലവുകൾ ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്ത് തുകയുടെ അധികച്ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ക്രീയാത്മകമായ നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) 1991 നവംബറിൽ നിയമിച്ച റിസോഴ്സസ്സ് കമ്മിഷൻ സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ വിഭവശേഷി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന് നൽകിയിട്ടുണ്ട്. ലാഭകരമല്ലാത്ത സ്കൂളുകൾ നിറുത്തലാക്കുക, അദ്ധ്യാപകരുടെ എണ്ണം പുന:പരിശോധിക്കുക, സ്വകാര്യസ്കൂളുകളുടെ അറ്റകുറ്റപണികൾക്കുള്ള ഗ്രാന്റ് നിറുത്തലാക്കുക, സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ 30 ശതമാനം പേമെന്റ് സീറ്റുകൾ ഏർപ്പെടുത്തുക എന്നീ നിർദ്ദേശങ്ങൾ ചെലവ് ചുരുക്കലിനെ സംബന്ധിച്ച് സ്റ്റേറ്റ് റിസോഴ്സസ്സ് കമ്മിഷൻ മുന്നോട്ട് വച്ചിട്ടുണ്ട്.

(ഇ)-(ജി) ചെലവു ചുരുക്കലിന്റെ ഭാഗമായി ചില പുതിയ നടപടികൾ കൈക്കൊള്ളുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. എ. അലിഹസ്സൻ : അങ്ങിവിടെ സൂചിപ്പിച്ചതുപോലെ 1991 നവംബറിൽ നിയമിക്കപ്പെട്ട റിസോഴ്സസ്സ് കമ്മിഷൻ 1992-ൽ അതിന്റെ ഇന്റെറിം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായെന്നു പറഞ്ഞു. ഇതിൽ ഏതെല്ലാം ശുപാർശകൾ നടപ്പാക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. ടി. ശിവദാസമേനോൻ :1991-ൽ നിശ്ചയിച്ച റിസോഴ്സസ്സ് കമ്മിഷൻ ചെലവു ചുരുക്കൽ നടപടികൾ ശുപാർശ ചെയ്യാനല്ല മുഖ്യമായും ഉദ്ദേശിച്ചത്. പദ്ധതി നടത്തിപ്പിനുള്ള അധിക വിഭവസമാഹരണം എങ്ങനെ ഉണ്ടാക്കാൻ സാധിക്കുമെന്നുള്ളതാണ് അതിന്റെ പ്രധാന റ്റേംസ് ഓഫ് റഫറൻസ് (1) the tax potential, tax system and its administration; (2) the scope for increasing non-tax revenues; (3) returns from public enterprises and co-operatives; (4) recoveries of loans and advances; (5) mobilisation of resources from NRIs; (6) local and voluntary contributions for institutions, works and programmes; (7) other innovative methods of resource mobilistation; and (8) efficiency of resource use. ഇങ്ങനെ 8 ടേംസ് ഓഫ് റഫറൻസുകളാണുള്ളത്. മുഴുവൻ റിസോഴ്സും മൊബിലൈസ് ചെയ്യാനുള്ളതാണ്. അതിൽ ചെലവു ചുരുക്കലിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ വച്ചു. കാരണം റവന്യൂ എക്സ്പെൻഡിച്ചർ ചുരുക്കിയാൽ ആ പൈസ അധികവരുമാനമായിട്ട് കണക്കാക്കാം. അതുകൊണ്ട് അതിനുള്ള പ്രൊപ്പോസൽ വച്ചു എന്നുള്ളതല്ലാതെ ചെലവ് എങ്ങനെ ചുരുക്കണമെന്നുള്ളതല്ല പ്രധാന പ്രതിപാദ്യവിഷയം. എങ്ങനെ സമ്പദ് പ്ലാനിലുള്ള അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ (എ.ആർ.എം.) സംഭരിക്കാം എന്നുള്ളതാണ് പ്രധാനവിഷയം. ചെലവു ചുരുക്കൽ ഒരു പ്രധാന കാര്യമാണ്. അത് റെക്കമെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. അലി ഹസ്സൻ : പല സർക്കാർ ഓഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ചെലവു ചുരുക്കലിന്റെ ഭാഗമായി സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ സർക്കാർ ആഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇത് വളരെ ഗൗരവമായി പരിഗണിക്കേണ്ട വിഷയംതന്നെയാണ്. കാരണം ഒരു മൂലധനച്ചെലവു വന്നുകഴിഞ്ഞാൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് നിർത്തലാക്കാൻ സാധിക്കും. അതിനാണ് മിനി സിവിൽ സ്റ്റേഷൻ പോലുള്ള കെട്ടിടങ്ങളെല്ലാം പണിയുന്നത്. അതിന് ഒന്നിച്ച് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് വേണം. ഏതായാലും ഈ കാര്യം മാറിമാറിവരുന്ന ഗവൺമെന്റുകളുടെ സജീവപരിഗണനയിലാണ്, നല്ല കാര്യമാണ്. പക്ഷെ അതിനുള്ള വിഭവശേഷി നല്ല സ്റ്റഡി നടത്തിയാൽ കുറെ വാടകകെട്ടിടങ്ങൾ ഒഴിഞ്ഞുകൊടുത്ത് സർക്കാർ സ്ഥലത്തുതന്നെ കൊണ്ടുവരാൻ സാധിച്ചുവെന്നുവരാം. ഈ കാര്യങ്ങളെല്ലാം സമഗ്രമായി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എം.വി. ജയരാജൻ : അങ്ങ് ചോദ്യത്തിന് മറുപടിയായി വ്യക്തമാക്കിയത് ചീഫ് സെക്രട്ടറിയും ധനകാര്യവകുപ്പുസെക്രട്ടറിയും അദ്ധ്യക്ഷൻമാരായിട്ടുള്ള രണ്ടു കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട് എന്നാണ്. ഈ കമ്മിറ്റികൾ/ചെലവു ചുരുക്കുന്നതിനുവേണ്ടി വല്ല റിപ്പോർട്ടും ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ? റിസോഴ്സസ്സ് കമ്മിഷന്റെ പ്രധാനമായ ലക്ഷ്യം ഇതല്ല, ഈ കമ്മിറ്റികൾ വല്ല റിപ്പോർട്ടും ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ? ആ റിപ്പോർട്ടിൽ വല്ല നിർദ്ദേശവും ചെലവു ചുരുക്കലിന്റെ ഭാഗമായിട്ട് ഗവൺമെന്റിന്റെ മുമ്പാകെയുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇക്കോണമി ഓർഡേഴ്സ് നിലവിലുള്ളതുകൊണ്ട് ചില ചെലവുകൾ നടത്തണമെങ്കിൽ ആവശ്യമുള്ളതാണോ അല്ലയോ എന്ന് സൂക്ഷ്മമായി പരിശോധിക്കലാണ് കമ്മിറ്റിയുടെ ജോലി. അല്ലാതെ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കലല്ല. അനുദിനം വരുന്ന ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ആ കമ്മിറ്റി പരിശോധിക്കുന്നുണ്ട്.

ശ്രീ. എം.വി. ജയരാജൻ : റിസോഴ്സസ്സ് കമ്മിഷൻ റിപ്പോർട്ട് 92-ൽ ഗവൺമെന്റിന് സമർപ്പിച്ചപ്പോൾത്തന്നെ ഒരു കാര്യം വ്യക്തമാക്കിയത് അൺ ഇക്കണോമിക്കായിട്ടുള്ള സ്കൂളുകൾ നിർത്തലാക്കാണമെന്നാണ്. അൺ ഇക്കണോമിക്കായിട്ടുള്ള സ്കൂളുകൾ എത്രയുണ്ട്? അത്തരത്തിലുള്ള സ്കൂളുകളിൽ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം എത്രതുക സർക്കാരിന് ചെലവഴിക്കേണ്ടിവരുന്നുണ്ട് എന്ന കാര്യം വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇതിന് പ്രത്യേക ചോദ്യം ചോദിച്ചാലേ ഉത്തരം തരാൻ പറ്റൂ. അല്ലാതെ അൺ ഇക്കണോമിക്കായിട്ടുള്ള സ്കൂളുകൾ എത്രയുണ്ട്? അതിൽ അദ്ധ്യാപകർക്ക് എത്ര ശമ്പളം കൊടുക്കുന്നുണ്ട്. എന്നൊക്കെ ചോദിച്ചാൽ പെട്ടെന്ന് മറുപടി പറയാൻ കഴിയുകയില്ല. പ്രത്യേക ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. എം. ദാസൻ : ചെലവു ചുരുക്കലിന്റെ ഭാഗമായി പുതിയ തസ്തിക സൃഷ്ടിക്കുന്നത് നിയന്ത്രിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സെക്ര

LIBRARY ARCHIVES Kerala Legislative Assembly

ട്ടേറിയറ്റിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : നമ്പർ പറയാൻ സാധിക്കുകയില്ല. കമ്പ്യൂട്ട് ചെയ്ത് എടുക്കാവുന്നതാണ്. എന്റെ കൈയിൽ ഇപ്പോൾ റെഡിയായിട്ട് ഉത്തരമില്ല. പക്ഷെ പുതിയ തസ്തിക സൃഷ്ടിക്കുന്നത് നിയന്ത്രിക്കണമെന്ന് ഇക്കണോമി ഓർഡറുണ്ടെങ്കിലും അത്യാവശ്യം വേണ്ടുന്ന സാഹചര്യങ്ങളിൽ അത് റിലാക്സ് ചെയ്ത് പുതിയ തസ്തിക സൃഷ്ടിക്കേണ്ടിവരും.

ശ്രീ. എം. ദാസൻ : അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാന സെക്രട്ടേറിയറ്റിലെ അധികാരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഗവണ്മെന്റ് കൈമാറുകയാണ്. ഇത് സംബന്ധിച്ച് സെൻ കമ്മിറ്റി പല ശുപാർശകളും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം നടത്തുവാൻ പോവുകയാണ്. ഈ സാഹചര്യത്തിൽ സെക്രട്ടേറിയറ്റിലേയ്ക്കു പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് പരമാവധി നിയന്ത്രിക്കുവാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് ഗവണ്മെന്റ് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ നേരത്തെ പറഞ്ഞു, ചീഫ് സെക്രട്ടറിയും പ്രിൻസിപ്പൽ സെക്രട്ടറി, ഫൈനാൻസും ചെയർമാൻമാരായിട്ടുള്ള രണ്ട് കമ്മിറ്റികൾ ഉണ്ട്. ഫൈനാൻസ് സെക്രട്ടറി ചെയർമാനായിട്ടുള്ള കമ്മിറ്റി പുതിയ പോസ്റ്റുകൾ സൃഷ്ടിക്കുന്നതിനെപ്പറ്റി പരിശോധിക്കുവാനാണ്. അത് പരിശോധിച്ച് വളരെയേറെ അനിവാര്യമായ ഘട്ടത്തിൽ മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. അല്ലാതെ merely creating new posts അങ്ങനെയില്ല. അത്യാവശ്യ സാഹചര്യത്തിൽ സൃഷ്ടിക്കേണ്ടി വന്നാൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് പറയും, അതിന്റെ മെരിറ്റ്സ് പരിശോധിച്ച് എല്ലാ വസ്തുതകളും ഇന്നവിറ്റബിൾ ആണെങ്കിൽ ചിലപ്പോൾ കൊടുക്കാതിരിക്കുവാൻ നിർവ്വാഹമില്ല.

ശ്രീ. ഉമ്മൻചാണ്ടി : ചെലവ് ചുരുക്കലിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തണമെന്ന് ചില നിർദ്ദേശങ്ങൾ ഉണ്ടെന്നാണ് അങ്ങ് പറഞ്ഞ മറുപടി. എന്നാൽ ഇന്ന് കേരളകൗമുദി പത്രത്തിൽ പറയുന്നു, മന്ത്രിമാർക്കായി 14 ലക്ഷ്വറി കാറുകൾ ധനകാര്യ വകുപ്പു സെക്രട്ടറിയുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് വാങ്ങുവാൻ തീരുമാനിച്ചു എന്ന്. അതിലേയ്ക്കായി 78 ലക്ഷം രൂപ കണ്ടിജൻസി ഫണ്ടിൽനിന്നും എടുക്കുവാൻ തീരുമാനിച്ചു എന്നു പറയുന്നത് ശരിയാണോ? 322 കോടി രൂപ അമിത പലിശയ്ക്ക് സഹകരണബാങ്കിൽ നിന്നും കർഷകർക്ക് കൊടുക്കേണ്ട തുക ഗവണ്മെന്റ് വാങ്ങി ഇതുപോലെ ചെലവഴിക്കുന്നത് ശരിയാണെന്ന് അങ്ങ് ധരിക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : 14 ഫോഡ് കാറുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. അത് വസ്തുതയ്ക്ക് നിരക്കുന്നതല്ല.

ശ്രീ. സി.പി. ബാലൻ വൈദ്യർ : കഴിഞ്ഞ ഗവണ്മെന്റുകളുടെ കാലത്ത് ചെലവ് ചുരുക്കലിന്റെ ഭാഗമായി അന്നത്തെ മുഖ്യമന്ത്രിമാരിൽ ചിലർ സ്വന്തം വിമാനത്തിൽ യാത്ര ചെയ്തതുപോലുള്ള ഏതെങ്കിലും നടപടി ഈ ഗവണ്മെന്റിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടോ; അന്ന് ഡീസൽ പ്ലാന്റ് ഉദ്ഘാടനം ചെയ്യുവാൻ ഒരു പ്രത്യേക വിമാനത്തിലാണ് ഒരു മന്ത്രി കോഴിക്കോട് വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഈ ഗവണ്മെന്റിന്റെ കാലത്ത് ചെലവ് ചുരുക്കുവാൻ ഏതെങ്കിലും മന്ത്രിമാരോ മുഖ്യമന്ത്രിയോ യാത്ര ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : പ്രത്യേകമായി ചാർട്ടർ ചെയ്ത പ്ലെയിനിൽ യാത്ര ചെയ്തിട്ടുണ്ടോ എന്നാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്. അങ്ങനെ പ്രത്യേകമായി ചാർട്ടർ ചെയ്ത പ്ളെയിനിൽ സഞ്ചരിച്ചിട്ടില്ല.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു, ഉപചോദ്യം ഇ,എഫ്,ജി യ്ക്ക് ഒന്നിച്ചാണ് മറുപടി പറഞ്ഞത്. ഇതിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ലക്ഷ്വറി കാറുകൾ വന്നിട്ടില്ല എന്നുപറഞ്ഞു. അത് ശരിയായിരിക്കാം. പക്ഷെ മിത്സുബിഷി, ലാൻസ്സർ, ഫോഡ് എസ്കോർട്ട്, ഓപ്പൽ ആസ്ട്രാ, ബെൻസ് തുടങ്ങി ഏകദേശം ഒന്നേകാൽ കോടിരൂപയുടെ വാഹനങ്ങൾ വാങ്ങുന്നതിന് ഈ അടുത്തകാലത്ത് പ്രൊപ്പോസൽ വന്നു എന്നും ഫൈനാൻസ് സെക്രട്ടറി ആ ഫയലിൽ, ഇങ്ങനെ പറയുന്നത് ശരിയല്ല, കാരണം ഇവിടെ വെള്ളപ്പൊക്ക ദുരിതാശ്വാസം പോലുള്ള കാര്യങ്ങൾക്കുപോലും പണം മാറ്റിവയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഈ പ്രൊപ്പോസൽ ഉപേക്ഷിക്കണമെന്ന് നിർദ്ദേശിച്ചതായി കേൾക്കുന്നു. അതിനെ മറികടന്നുകൊണ്ട് ഏതെങ്കിലും വാഹനങ്ങൾ, ലക്ഷ്വറി കാറുകളെക്കുറിച്ച് അല്ല. ലാൻസ്സർ, ഫോഡ് എസ്കോർട്ട്, ഓപ്പൽ, ബെൻസ് തുടങ്ങിയ വണ്ടികൾ വാങ്ങുവാനുള്ള നിർദ്ദേശം സർക്കാർ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : ഒന്നും മറച്ചു പറയുന്നില്ല. എന്റെ മറുപടി കേൾക്കൂ. ബഹുമാനപ്പെട്ട ടി.എം. ജേക്കബ് ഇപ്പോൾ ചോദിച്ച ചോദ്യത്തിനുള്ള മറുപടിയാണ് ശ്രീ. ഉമ്മൻചാണ്ടിക്കും അറിയേണ്ടത്.

ശ്രീ. ഉമ്മൻചാണ്ടി : അല്ല. ഈ ആവശ്യത്തിന് കണ്ടിജൻസി ഫണ്ടിൽനിന്നും തുക വിത്ത്ഡ്രാ ചെയ്തിട്ടുണ്ടോയെന്നാണ്.

ശ്രീ. ടി. ശിവദാസമേനോൻ : അതും ഞാൻ പറയാം. ചോദ്യത്തിന് ഉത്തരം പറയുവാൻ ഞാൻ ബാധ്യസ്ഥനാണ്. ഓപ്പൽ അസ്ട്രാ മിത്സുബിഷി, ലാൻസ്സർ, ഫോർഡ് എസ്കോർട്ട്, അംബാസിഡർ ഉൾപ്പെടെയുള്ള കാറുകൾ മന്ത്രിമാർക്ക് ഉപയോഗിക്കുവാൻവേണ്ടി വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. അത് ലക്ഷ്വറി കാറാണോ എന്ന് എനിക്ക് അറിയില്ല. അംബാസിഡർ ഉൾപ്പെടെയുള്ള ഈ കാറുകൾ വാങ്ങുവാൻ പറഞ്ഞിട്ടുണ്ട്. ചിലപ്പോൾ അംബാസിഡറും ലക്ഷ്വറി കാറായി കാണാം. ഇത് സഭയിൽനിന്നോ മറ്റാരിൽനിന്നോ ഒളിച്ചുവയ്ക്കുവാൻ കഴിയുമോ? മറച്ചുവയ്ക്കുവാൻ ഈ സർക്കാർ ആഗ്രഹിക്കുന്നുമില്ല. ഒന്നേകാൽ കോടിരൂപ ചെലവഴിച്ച് ഈ കാറുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്താണ് അതിൽ തെറ്റ്? കണ്ടിജൻസി ഫണ്ടിൽനിന്നും തുക വിത്ത്ഡ്രാ ചെയ്തിട്ടില്ല. വിത്ത്ഡ്രാ ചെയ്യുവാൻ തീരുമാനിച്ചിട്ടുമില്ല.

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാനത്ത് ചെലവ് ചുരുക്കലിനു വേണ്ടി ഒട്ടേറെ നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. 1990 മുതൽ 31.3.1998 വരെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും നികുതിയായി ഈ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട സംഖ്യ കുടിശ്ശികയായിട്ടുള്ളത് 14,889 ലക്ഷം രൂപയാണ്. അത് ഈടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : നികുതി കുടിശ്ശിക പിരിച്ച് എടുക്കുവാനുള്ള നടപടികളിൽ, കുടിശ്ശിക വന്നിട്ടുള്ള പല കേസുകളും കോടതിയിൽ ആണ്. ചിലതിൽ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ നിരവധി

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേജസിലാണ് കുടിശ്ശിക കളക്ഷനുള്ളത്. എല്ലാ ഏരിയായിലും നടപടി ശക്തമാക്കുവാനുള്ള സംവിധാനം ഗവണ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

**4 (*338) ഔഷധസസ്യങ്ങളുടെ സാമ്പിൾ ശേഖരിക്കുന്നതിന് അനുമതി**

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽനിന്നും അപൂർവ ഔഷധ സസ്യങ്ങളുടെയും സൂക്ഷ്മ സസ്യങ്ങളുടെയും സാമ്പിളുകൾ ശേഖരിക്കുന്നതിന് വനം വകുപ്പ് വിദേശ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികൾക്ക് എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം വനമേഖലകളിൽനിന്ന് സാമ്പിളുകൾ ശേഖരിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ഔഷധ സസ്യങ്ങളും അപൂർവ്വ സസ്യങ്ങളുമാണ് ഇപ്രകാരം ശേഖരിക്കപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശേഖരിക്കപ്പെടുന്ന ഔഷധ സസ്യങ്ങളും അപൂർവ്വ സസ്യങ്ങളും വിദേശത്തേക്ക് കൊണ്ടുപോകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് അനധികൃതമായി വനപ്രദേശങ്ങളിൽനിന്നും ജൈവസമ്പത്ത് ശേഖരിച്ചതിന് വനം വകുപ്പ് ഏതെങ്കിലും വിദേശ കമ്പനിക്കെതിരായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) അനുമതി നൽകിയിട്ടില്ല.

(ബി)-(ഡി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

(ഇ) ഇല്ല. ജൈവസമ്പത്ത് വിദേശ കമ്പനികൾ ശേഖരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. സി.പി. ബാലൻ വൈദ്യർ : വിദേശ കമ്പനികൾക്ക് അനുമതി കൊടുത്തിട്ടില്ല എന്ന് അങ്ങയുടെ മറുപടിയിൽ പറഞ്ഞു. അതു സ്വാഗതാർഹമായ സമീപനമാണ്. നമ്മുടെ വനങ്ങളിൽ വിശേഷപ്പെട്ട ഔഷധ സസ്യങ്ങൾ മുൻകാലങ്ങളെപ്പോലെ ഇപ്പോഴില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനങ്ങളിൽ ഔഷധ സസ്യങ്ങൾ വ്യാപകമായി വച്ചുപിടിപ്പിക്കത്തക്ക വിധത്തിലുള്ള നടപടി കൂടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഔഷധ സസ്യങ്ങൾ വളരെ വ്യാപകമായി ഇല്ലെങ്കിൽപ്പോലും കുറച്ചൊക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly